# S.M.S.J. HIGH SCHOOL

## THYCATTUSSERY



എസ്.എം.എസ്.ജെ.ഹൈസ്കൂൾ, തൈക്കാട്ടുശ്ശേരി

തുറവൂർ, ചേർത്തല, ആലപ്പുഴ.

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025 - 26







# സമഗ്രഗുണമേന്മ വിദ്യാഭ്യാസം –

## *അക്കാദമിക് മാസ്റ്റർപ്ലാൻ*

ഉള്ളടക്കം


1. ആമുഖം
2. അക്കാദമിക് മാസ്റ്റർപ്ലാൻ - പ്രസക്തി
3. അക്കാദമിക് മാസ്റ്റർപ്ലാൻ - ലക്ഷ്യങ്ങൾ
4. അവസ്ഥാവിശകലനവും മുൻഗണനകളും
5. അക്കാദമിക്പ്രവർത്തനങ്ങൾ -
6. ATL, സയൻസ് ലാബ്,
7. ലൈബ്രറി
8. ലിറ്റിൽ കൈറ്റ്സ് പദ്ധതി
9. സ്കൂൾ ഉച്ചഭക്ഷണ പദ്ധതി
10. പഠനയാത്രകൾ
11. പാഠ്യേതര പ്രവർത്തനങ്ങൾ
12. ഉൾച്ചേർന്ന വിദ്യാഭ്യാസ രീതി
13. കലാകായിക പ്രവർത്തനങ്ങൾ
14. സർഗവേളകൾ
15. സാമൂഹ്യസംവിധാനങ്ങൾ
16. ദിനാചരണങ്ങൾ
17. സ്കൂൾ PTA
18. ഉപസംഹാരം

# അടിസ്ഥാനവിവരങ്ങൾ

1.വിദ്യാലയത്തിന്റെ പേര് : എസ്.എം. എസ്. ജെ. എച്ച്. എസ്.

തൈക്കാട്ടുശ്ശേരി

2.വിലാസം : തൈക്കാട്ടുശ്ശേരി പി.ഒ. തുറവൂർ,

ആലപ്പുഴ ജില്ല പിൻ - 688528

3.പ്രധാനാധ്യാപിക : ശ്രീമതി ടെസ്സി എം.എം.

4. ഫോൺ നമ്പർ : 7012185706

5. വിദ്യാഭ്യാസ ഉപജില്ല : തുറവൂർ

6. വിദ്യാഭ്യാസ ജില്ല : ചേർത്തല

7. റവന്യൂ ജില്ല : ആലപ്പുഴ

8. ബി. ആർ. സി : തുറവൂർ

9. സി.ആർ.സി : തുറവൂർ

10.ഗ്രാമപഞ്ചായത്ത് : തൈക്കാട്ടുശ്ശേരി

11.ബ്ലോക്ക് പഞ്ചായത്ത് : തൈക്കാട്ടുശ്ശേരി

12. ജില്ലാ പഞ്ചായത്ത് : ആലപ്പുഴ

13 . നിയമസഭാ മണ്ഡലം : അരൂർ

14. ലോക്സഭാ മണ്ഡലം : ആലപ്പുഴ

15. താലൂക്ക് : ചേർത്തല

16. വില്ലേജ് : തൈക്കാട്ടുശ്ശേരി

17 . ഇ മെയിൽ : 34026alappuzha@gmail.com

18. MLA : ദലീമ ജോജോ

19. MP : കെ. സി. വേണുഗോപാൽ

20. Location : Lattitude 9.77495° or 9° 46′ 30″ north

Longitude 76.3391° or 76° 20′ 21″ east

# ആമുഖം

കേരളത്തിലെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്ന ഗവൺമെന്റിന്റെ ദൈനംദിന പ്രവർത്തനങ്ങൾ പ്രശംസനാർഹമാണ്. 2017 -18 അക്കാദമിക വർഷം മുതൽ ആരംഭിച്ച പ്രവർത്തങ്ങളുടെ ഭാഗമായി വിദ്യാഭ്യാസ രംഗത്ത് നിരവധി മാറ്റങ്ങൾ പ്രകടമാണ്.പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവും അതിന്റെ തുടർച്ചയായി വിദ്യകിരണവും ഈ മാറ്റങ്ങളിൽ നിർണ്ണായക പങ്കു വഹിച്ചിട്ടുണ്ട്.പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി മുന്നോട്ടു വച്ച ആശയമാണ് എല്ലാ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ വികസിപ്പിക്കുക എന്നത്.ഇതിന്റെ ഭാഗമായി 2018 മുതൽ ഒരു വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും പഠനപുരോഗതിയും സമഗ്രവികസനവും ഉറപ്പാക്കുന്നതിന്, അക്കാദമിക ആസൂത്രണം വിവിധ തലങ്ങളിൽ നടക്കേണ്ടതുണ്ട്.സ്കൂൾ തല അക്കാദമിക മാസ്റ്റർ പ്ലാൻ ഒരു പൊതുവായ ചട്ടക്കൂടാണ്.ഇത് വിദ്യാലയത്തിന്റെ കാഴ്ചപ്പാടും,അക്കാദമിക ലക്ഷ്യങ്ങളും,വിഭവവിനിയോഗവും, പ്രവർത്തന പരിപാടികളും ഉൾകൊള്ളുന്നു. എന്നാൽ ഈ ലക്ഷ്യങ്ങൾ ഓരോ ക്ലാസ് മുറിയിലും ഓരോ കുട്ടിയുടെയും തലത്തിൽ പ്രാവർത്തികമാക്കേണ്ടതുണ്ട്. അതിനാലാണ് ക്ലാസ്തല മാസ്റ്റർ പ്ലാനുകൾക്കും വ്യക്തിഗത മാസ്റ്റർ പ്ലാനുകൾക്കും അതിയായ പ്രാധാന്യമുള്ളത്. ഈ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് സർക്കാർ നിർദേശമനുസരിച്ചു ഒരു മാസ്റ്റർ പ്ലാൻ നമ്മുടെ സ്കൂളിലും ഈ അക്കാദമിക വർഷം തയാറാക്കുകയുണ്ടായി.

തൈക്കാട്ടുശ്ശേരി പഞ്ചായത്തിന്റെ തിലകക്കുറിയായി 1912 ൽ സ്ഥാപിതമായ ശ്രീമൂലം സിൽവർ ജൂബിലി ഹൈസ്കൂളിൽ , ഇന്ന് 5 മുതൽ 10 വരെ ക്ലാസ്സുകളിലായി 156 കുട്ടികൾ പഠിക്കുന്നു, 95 ആൺകുട്ടികളും 61 പെൺകുട്ടികളും. യു. പി. വിഭാഗത്തിൽ 39 കുട്ടികളും ഹൈസ്കൂൾ വിഭാഗത്തിൽ 117കുട്ടികളും ഈ വിദ്യാലയത്തിൽ ഈ അധ്യയനവർഷം പഠിച്ചുവരുന്നു. എറണാകുളം - അങ്കമാലി അതിരൂപത കോർപറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഈ സ്കൂളിന്റെ കോർപറേറ്റ് മാനേജർ റെവ.ഫാ: തോമസ് നങ്ങേലിമാലിൽ, സ്കൂൾ മാനേജർ റെവ. ഫാ: വർഗീസ് പൈനുങ്കൽ. ഹെഡ്മിസ്ട്രസ് ശ്രീമതി ടെസ്സി എം.എം. ന്റെ നേതൃതപത്തിൽ പ്രവർത്തിക്കുന്ന സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിൽ 6 അദ്ധ്യാപകരും യു. പി.വിഭാഗത്തിൽ 3 അദ്ധ്യാപകരുമായി ആകെ 9 അദ്ധ്യാപകരും 4 ഓഫീസ് ജീവനക്കാരും ഉൾപ്പടെ 14 സ്റ്റാഫ് ആണ് ഈ

സ്ഥാപനത്തിൽ ഉള്ളത്. റവന്യൂ ജില്ലാ ആലപ്പുഴ, വിദ്യാഭ്യാസജില്ല ചേർത്തല, സബ്ജില്ലാ തുറവൂർ ആകുന്നു. 2024-25 അധ്യയന വർഷത്തിൽ സ്കൂൾ മികച്ചപ്രവർത്തനമാണ് കാഴ്ച്ചവെച്ചത്.പാഠ്യവിഷയങ്ങളിലും പഠ്യേതരവിഷയങ്ങളിലും ഉന്നതവിജയം കൈവരിക്കാൻ കുട്ടികൾക്കായി.സബ്ജില്ലാ ജില്ലാ സംസ്ഥാന ശാസ്ത്രമേളകളിലും മറ്റു കലോത്സവ മത്സരങ്ങളിലും എല്ലാം തിളക്കമാർന്ന വിജയം കൈവരിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിഞ്ഞു. ഈ വർഷവും ഇത് തുടരാനുള്ള പരിശ്രമവും ആരംഭിച്ചു കഴിഞ്ഞു. കൂടാതെ പഞ്ചായത്തുതല,ബ്ലോക്ക് തല മത്സരങ്ങളിലും കുട്ടികൾ മിന്നുന്ന വിജയം കരസ്ഥമാക്കുകയുണ്ടായി. ഇതുവഴി കുട്ടികളുടെ സർവോത്മുഖവളർച്ചയാണ് ലക്ഷ്യം വയ്ക്കുന്നത്.

കേരളത്തിലെ സ്കൂൾ അക്കാഡമിക് മാസ്റ്റർ പ്ലാൻ (Academic Master Plan) ഒരു സമഗ്രമായ വിദ്യാഭ്യാസ ലക്ഷ്യങ്ങൾ നേടുന്നതിനായി രൂപകൽപ്പന ചെയ്ത ഒരു ഫ്രെയിംവർക്കാണ്. ഇത് സ്കൂളിന്റെ അക്കാഡമിക്, കോ-അക്കാഡമിക്, ക്ലബ് പ്രവർത്തനങ്ങൾ, വിദ്യാർത്ഥികളുടെ സാമൂഹിക-വൈകാരിക വികസനം (SEL) തുടങ്ങിയവ ഒരു ഘടനാപരമായ രീതിയിൽ പ്ലാൻ ചെയ്യാൻ സഹായിക്കുന്നു. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്നതാണ് നമ്മുടെ നിലപാട്. മികവ് എന്നാൽ അക്കാദമിക മികവാണ്.അക്കാദമിക മികവിന്റെ കാര്യത്തിൽ കുറേകൂടി മുന്നേറാൻ നമുക്കാവണം.അതിന്റെ ഭാഗമായാണ് ഈ വർഷം 'സമഗ്രഗുണമേന്മവർഷ'മായി പരിഗണിക്കുന്നത്. കുട്ടികളുടെ സമഗ്രവികാസത്തിൽ ശാരീരിക, മാനസിക, ബൗദ്ധീക, വൈകാരിക, സാമൂഹിക ഘടകവികാസമേഖലകളുടെ ശാസ്ത്രീയവും പ്രായത്തിനനുഗുണവുമായ വളർച്ചയാണ് ലക്ഷ്യം വയ്ക്കുന്നത്.

## പ്രസക്തി

2025 - 26 അക്കാദമിക വർഷം സമഗ്രഗുണമേന്മ വർഷമാണ്. പാഠ്യപദ്ധതി ചട്ടക്കൂട് 2023 പ്രകാരം 1 മുതൽ 10 വരെയുള്ള പാഠപുസ്തകങ്ങളെല്ലാം പരിഷ്കരിച്ചിട്ടുണ്ട്. മൂല്യനിർണ്ണയ പ്രക്രിയയിലും ഇതിനകം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. സ്കൂൾ വർഷാരംഭത്തിൽ കുട്ടികളിൽ വികസിക്കേണ്ട പൊതുധാരണകൾ, സ്കൂളുകളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ എന്നിവയുടെ പൊതുമാർഗ്ഗരേഖ പൊതുവിദ്യാഭ്യാസവകുപ്പ് തയ്യാറാക്കി സ്കൂളുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതെല്ലാം

ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഓരോ വിദ്യാലയത്തിന്റെയും അക്കാദമിക ആവശ്യങ്ങൾ പരിഗണിച്ചും സാഹചര്യങ്ങൾ കണക്കിലെടുത്തും അതതു വിദ്യാലയത്തിന്റെ തനതും നൂതനവുമായ പദ്ധതികൾക്ക് അക്കാദമിക മാസ്റ്റർ പ്ലാനിൽ പ്രധാന്യം നല്കേണ്ടുന്നതിന്റെ ആവശ്യം പരിഗണിച്ചുമാണ് ഈ പ്ലാൻ തയാറാക്കിയിരിക്കുന്നത്.

# <u>ലക്ഷ്യങ്ങൾ</u>

1. **അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ചു ഗുണമേന്മ ഉറപ്പാക്കുക.**

- കുട്ടികളുടെ പഠനനില അതത് അവസരങ്ങളിൽ മനസിലാക്കി ആവശ്യമായ പഠനപിന്തുണ യഥാസമയം നൽകുക.അതോടൊപ്പം കോർ വിഷയങ്ങളിലും കുട്ടികൾ മുന്നേറുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുക.വിദ്യാഭ്യാസവകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന അന്വേഷണാത്മക പ്രവർത്തനങ്ങളും കാര്യക്ഷമമായി നടത്തുന്നു..

- മാതൃഭാഷയ്ക്കൊപ്പം ഇംഗ്ലീഷ്.ഹിന്ദി,ഭാഷകളിൽ ഉയർന്നശേഷി കൈവരിക്കാനാവശ്യമായ രീതിശാസ്ത്രം വികസിപ്പിക്കുക.

- ആരോഗ്യകരമായ സ്ത്രീ -പുരുഷബന്ധത്തെകുറിച്ചും തുല്യതയെക്കുറിച്ചും ലിംഗസമത്വത്തെക്കുറിച്ചും ഉള്ള കാഴ്ചപ്പാട് സ്കൂൾ ഘട്ടത്തിൽ തന്നെ കുട്ടികൾക്ക് രൂപപെടാനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നു.

- ലിംഗപദവിയും അവസരതുല്യതയും സംബന്ധിച്ച കാഴ്ചപ്പാട് വികസിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ രൂപീകരിക്കുന്നു.

- ദിനാചരണങ്ങൾ യന്ത്രികമാകാതെ അർത്ഥപൂർണ്ണമാക്കാനുള്ള പ്രവർത്തങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു.

- പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും പ്രവർത്തനാധിഷ്ഠിതവും ആക്കുവാൻ ആവാസപരിസരസാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും അതുവഴി സ്കൂൾ ക്യാമ്പസിനെ ഫലപ്രദമായ പഠന ഇടമായി മാറ്റുകയും ചെയ്യുന്നു .

- പരിസ്ഥിതികാവബോധം, സാമൂഹികാവബോധം, മാലിന്യനിർമ്മാർജ്ജനാവബോധം, വിമർശനാവബോധം, എന്നിവ വികസിപ്പിക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുന്നു.
- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾ, ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് ഉൾപ്പെടെ പ്രയോജനപ്പെടുത്താവുന്ന ആധുനിക ശാസ്ത്ര -സാങ്കേതിക വിദ്യാസാധ്യതകൾ പഠനപ്രവർത്തനത്തിനായി വിനിയോഗിക്കുന്നു.
- സമഗ്രപഠന പുരോഗതി രേഖ തയാറാക്കി ഓരോ കുട്ടിയും മികവിന്റെ ഉടമകളാകുന്നുവെന്ന് രക്ഷാകർത്താക്കളെയും പൊതുസമൂഹത്തെയും ബോധ്യപ്പെടുത്തുന്നു.

## 2. മൂല്യനിർണ്ണയ രീതിശാസ്ത്രം കാര്യക്ഷമമാക്കുക, പരിഷ്കരിക്കുക

- സംഘപഠനമുൾപ്പെടെയുള്ള വൈവിധ്യമാർന്ന മാർഗ്ഗങ്ങളിലൂടെ ആർജ്ജിക്കുന്ന അറിവുകളെയും കഴിവുകളെയും കൂട്ടായും വ്യക്തിഗതമായും വിലയിരുത്തുന്നു.
- മൂല്യനിർണയം എന്നത് കുട്ടികളെ തരംതിരിക്കാനുള്ള ഉപാധിയായി കാണാതെ കുട്ടികളുടെ ശക്തിയെ കണ്ടെത്തി കൂടുതൽ ഉയരങ്ങളിലേക്കെത്തിക്കുവാനും പരിമിതികളെ മറി കടക്കുവാനും ആവശ്യമായ പഠന പിന്തുണ നൽകുവാനും അധ്യാപക സംവിധാനത്തെ സഹായിക്കുന്ന ഒരു ഉപാധി എന്ന നിലയ്ക്ക് കൂടി പരിഗണിക്കുന്നു.
- തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണ്ണയ പ്രക്രിയ വിലയിരുത്തലിന്റെ അവിഭാജ്യ ഭാഗമാക്കി മാറ്റുന്നു.നിശ്ചിത ഇടവേളകളിൽ നടക്കുന്ന മൂല്യനിർണ്ണയം കുട്ടികളുടെ അതത് സമയങ്ങളിലെ പഠനനില കണ്ടെത്താനും പുനരനുഭവം ഒരുക്കാനും സാഹചര്യമൊരുക്കുന്നു.
- എഴുത്തുപരീക്ഷയിൽ എല്ലാ ക്ലാസ്സിലും കുട്ടികൾ മുപ്പത് ശതമാനത്തിൽ കൂടുതൽ സ്കോർ ചെയ്യുന്നുവെന്ന് ഉറപ്പു വരുത്തുകയും, പിന്നോക്കം

നിൽക്കുന്ന കുട്ടികൾക്ക് വേണ്ടുന്ന പഠന പിന്തുണ നൽകി അവരെ ഉയർന്ന തലത്തിലേക്കെത്തിക്കുകയും ചെയ്യുന്നു.

- കുട്ടികളുടെ വിലയിരുത്തൽ സമ്പൂർണ പ്ലസ് വഴി ഓൺലൈനായി അപ്‌ലോഡ് ചെയ്യുന്നു.
- **മെന്ററിങ് :** മൂല്യനിർണ്ണയം അഥവാ വിലയിരുത്തൽ എന്നാൽ കുട്ടിയെ അറിയൽ ആണ്.കുട്ടി പ്രതീക്ഷിച്ച പോലെ പ്രകടനം കാഴ്ചവയ്ക്കാതിരുന്നാൽ ഉണ്ടാകുന്ന സമ്മർദ്ദം, ആകാംഷ, പിരിമുറുക്കം,കൂടാതെ സാങ്കേതിക വിദ്യയുടെ അനഭലഷണീയമായി ഉപയോഗം, ലഹരി തുടങ്ങിയ ഘടകങ്ങൾ ഇവയെല്ലാം മറികടക്കാനുതകുന്ന 'കുട്ടിയെ ചേർത്തുനിർത്തൽ'സംവിധാനം ഒരു പ്രത്യേകതയാണ്

## 3.സാങ്കേതികവിദ്യാ സൗഹൃദവിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക

- സാങ്കേതികവിദ്യാ പ്രയോജനപ്പെടുത്തികൊണ്ടു മികച്ച പഠനാനുഭവങ്ങൾ പഠനബോധനപ്രവർത്തനങ്ങളുടെ ഭാഗമായി ക്ലാസ്റൂമിൽ നടത്തുന്നു.
- മികച്ച പഠനാനുഭവങ്ങൾ നവ സാങ്കേതിക വിദ്യാ കൂടി പ്രയോജനപ്പെടുത്തി അറിവുകളുടെ വിസ്മയലോകം അദ്ധ്യാപകർ ക്ലാസിൽ സൃഷ്ടിക്കുന്നു.
- ആശയസ്വാശീകരണം,ഗ്രഹണം എന്നിവയ്ക്കായി സാങ്കേതികവിദ്യാസഹായം ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നു.

## 4. ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക

- മികച്ച പഠനാനുഭവങ്ങൾ പഠന ബോധനപ്രവർത്തനങ്ങളുടെ ഭാഗമായി ക്ലാസ്റൂമിൽ നടക്കുന്നുണ്ട് എന്ന് സ്ഥാപനമേധാവി ഉറപ്പു വരുത്തുന്നു.
- പഠനപ്രവർത്തനത്തിനായി സാങ്കേതികവിദ്യാസഹായം ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നു എന്നും സ്ഥാപനമേധാവി ഉറപ്പു വരുത്തുന്നു.
- കുട്ടികളുടെ അക്കാദമിക ഗുണത ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങളോടൊപ്പം അനഭലഷണീയമായ കാര്യങ്ങളിലേയ്ക്ക്

വഴിമാറി പോകുന്നില്ല എന്നുറപ്പാക്കാൻ സഹായകനിലയിൽ മെന്ററിങ് പ്രക്രിയ ശക്തിപ്പെടുത്തുന്നു.

- ആന്തരിക മോണിറ്ററിങ് സംവിധാനം ശക്തിപ്പെടുത്തുന്നു.
- സമയബന്ധിതമായി കുട്ടികളുടെ നോട്ടുബുക്ക്,അദ്ധ്യാപകരുടെ ടീച്ചിങ് നോട്ട് എന്നിവയുടെ നിരീക്ഷണങ്ങൾ കൃത്യമാക്കുക.
- കുട്ടികളുടെ സാമൂഹിക അക്കാദമിക പശ്ചാത്തലം മനസിലാക്കുന്നതിനായി അദ്ധ്യാപകരുടെ വിദ്യാലയ ഭവനസന്ദർശനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു.

**5. അദ്ധ്യാപക പരിശീലന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക**

- സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് (SRG) സബ്ജക്ട് കൗൺസിൽ തുടങ്ങിയവ കൃത്യമായ ഇടവേളകളിൽ ചേരുകയും ഹ്രസ്വകാലടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലും ആവശ്യമായ അക്കാദമിക ആസൂത്രണം നടത്തുന്നു.
- ആവശ്യമായ ഘട്ടങ്ങളിൽ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ അദ്ധ്യാപകരെ പങ്കെടുപ്പിച്ചുകൊണ്ട് അക്കാദമിക ചർച്ചകളും സംവാദങ്ങളും ഒരുക്കി സ്വയം സജ്ജമാക്കാനുള്ള സ്വയം ശാക്തീകരണ പ്രവർത്തനങ്ങൾ സൃഷ്ടിക്കുന്നു.
- അദ്ധ്യാപകരുടെ പൊതുപരിശീലനങ്ങളിലും ക്ലസ്റ്റർ പരിശീലനങ്ങളിലും പങ്കാളിത്തം ഹെഡ്മിസ്ട്രസ് ഉറപ്പാക്കുന്നു

**6. വിദ്യാലയസമിതികളും മറ്റു വകുപ്പുകൾ/സ്ഥാപനങ്ങളുമായുള്ള സഹകരണവും പിന്തുണയും ശക്തിപ്പെടുത്തുക**

- വിദ്യാലയപ്രവർത്തനങ്ങൾക്ക് പിന്തുണയും ശ്രദ്ധയുമുറപ്പിക്കാൻ ജനകീയ സംവിധാനങ്ങൾ രൂപപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു.
- ജനകീയ പങ്കാളിത്തം ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ, പദ്ധതികൾ എന്നിവ രൂപപ്പെടുത്തുന്നു.
- രക്ഷാകർതൃ വിദ്യാഭ്യാസത്തിനുള്ള പ്രവർത്തനപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

- നിശ്ചിത ഇടവേളകളിൽ കുട്ടികളുടെ വീടുസന്ദർശനം നടത്തുന്നു.
- നിശ്ചിതഇടവേളകളിൽ സ്കൂൾ തല പഠനോത്സവങ്ങൾ നടത്തുന്നു.

**7. മറ്റുകാര്യങ്ങൾ**

- കുട്ടികൾക്ക് മികച്ച മാനസിക - വൈകാരിക - ശാരീരിക ആരോഗ്യം ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നു.
- മയക്കുമരുന്ന്,ലഹരി എന്നിവയ്ക്കെതിരെ നിലപാട് കൈകൊള്ളുന്നതിനായി പഠനപ്രവർത്തനങ്ങളുടെ ഭാഗമായും അല്ലാതെയുമുള്ള പ്രവർത്തനപദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നു.
- 'ശുചിത്വവിദ്യാലയം ഹരിതവിദ്യാലയം' എന്ന പ്രവർത്തനപദ്ധതിയുടെ ഭാഗമായി പല പ്രവർത്തനങ്ങൾ സ്കൂളിൽ നടത്തുന്നു.
- കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി സ്പോർട്സ് പദ്ധതികൾ നടപ്പിലാക്കുന്നു.
- കൂടാതെ വിദ്യാഭ്യാസവകുപ്പ് നടത്തുന്ന മറ്റു സംസ്ഥാനതല പദ്ധതികൾ,പ്രവർത്തനങ്ങൾ എന്നിവയും വിദ്യാലയം ഏറ്റെടുത്തു നടത്തുന്നു.

# അവസ്ഥാ വിശകലനവും മുൻഗണനകളും

- 5 മുതൽ 10 വരെ പഠിക്കുന്ന കുട്ടികളിൽ മൂല്യബോധവും സാമൂഹിക ബോധവും ജനിപ്പിക്കുന്ന പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. കുട്ടികളെ അച്ചടക്കമുള്ളവരും സ്വയം അച്ചടക്കമുള്ളവരുമാക്കി തീർക്കുവാൻ പരിശ്രമിക്കുന്നു.മതനിരപേക്ഷ ജനാധിപത്യ സംസ്കാരം അടക്കമുള്ള സാമൂഹികമൂല്യങ്ങൾ വികസിക്കാനാവശ്യമായ അനുഭവങ്ങളും സ്കൂൾ ഒരുക്കുന്നു.

- മുഴുവൻ കുട്ടികളുടെയും അറിവും കഴിവും ധാരണകളും എത്രമാത്രം പ്രായാനുസൃതമായി വികസിക്കണം എന്നുള്ളത് മുന്നിൽ കണ്ടുകൊണ്ട് അതിനനുസരിച്ചുള്ള കാര്യങ്ങളും ചെയ്തു വരുന്നു.

- എല്ലാ കുട്ടികളെയും പഠനത്തിനും വികാസത്തിനും തുല്യഅവസരങ്ങൾ ഒരുക്കുകയും സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേയ്ക്ക് എത്തിക്കാനും പരിമിതികൾ മറികടക്കുവാനും അവരെ പ്രാപ്തരാക്കുന്ന പ്രവർത്തനങ്ങൾ ചെയ്തുവരുന്നു.

- സ്കൂൾ പാർലമെന്റ് ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നു.

- വിദ്യാലയ ക്യാമ്പസ് മദ്യം, മയക്കുമരുന്നു, ലഹരിവസ്തുക്കൾ മുക്തമാക്കുക.

- പാഴ്‌വസ്തുക്കൾ പരിപാലനപദ്ധതികൾ - ശുചിത്വവിദ്യാലയം ഹരിതവിദ്യാലയം അടക്കം കാര്യക്ഷമാക്കുക.

- വിദ്യാലയത്തിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നു.
-

# അക്കാദമിക പ്രവർത്തനങ്ങൾ

**ഭാഷാവികാസം**

**1. വിഷയം - മാതൃഭാഷ മലയാളം (ഹൈസ്കൂൾ & യു.പി.)**

**ലക്ഷ്യങ്ങൾ**

- എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുകയും എഴുതുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കുന്നു.

- എല്ലാ കുട്ടികളും ഓരോ പ്രായഘട്ടത്തിനും അനുയോജ്യമാംവിധം മികച്ച നിലയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്നുറപ്പാക്കുന്നു

- കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക.

- സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
- ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുന്നു.
- ഭാഷാശേഷി വികാസത്തിനായി ആധുനീക സാങ്കേതികവിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

| പ്രവർത്തനങ്ങൾ | കാലം | ഭൗതിക സാഹചര്യം | ചുമതല |
|---|---|---|---|
| 1.പ്രീ ടെസ്റ്റ്,<br>2.അക്ഷരം ഉറപ്പിക്കൽ<br>1.പ്രീ ടെസ്റ്റ്, അക്ഷരവും<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ | 2 മാസം (ആഗസ്ത്,സെപ്റ്റംബർ) | പുസ്തകങ്ങൾ<br>ചിത്രങ്ങൾ | പി.ടി.എ. അദ്ധ്യാപകർ |
| 5. വാക്കുകൾ എഴുതിയ കാർഡ്<br>6.വാക്കുകൾ നിർമ്മിക്കുക<br>7. ചിത്രം അടിക്കുറിപ്പ്<br>8. ചിത്രം കഥ എഴുതൽ<br>9. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം (ആഗസ്ത്,സെപ്റ്റംബർ) | പുസ്തകങ്ങൾ<br>ചിത്രങ്ങൾ | പി.ടി.എ. അദ്ധ്യാപകർ |
| 10.ക്ലാസ് വായനക്കൂട്ടം<br>11.സ്കൂൾ ലൈബ്രറി<br>12.സമീപ ഗ്രന്ഥശാല അംഗത്വം<br>13.പത്രവായന | 6 മാസം (ജൂലൈ - ഡിസംബർ ) | ലൈബ്രറി,<br>പുസ്തകങ്ങൾ<br>ഫോട്ടോകൾ | ട്രെയിനർ<br>അദ്ധ്യാപകർ |

| | | | |
|---|---|---|---|
| 14.പുസ്തകചർച്ച<br><br>15.വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ<br><br>16. ദിനാചരണം<br><br>17. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br><br>18. ആസ്വാദകരമായ വായന<br><br>19. ഇ - വായന<br><br>20. പുസ്തകചർച്ച<br><br>21. വായനകുറിപ്പ്<br><br>22. ചുമർ പത്രിക, പതിപ്പ് എന്നിവ തയ്യാറാക്കൽ<br><br>23. വ്യക്തിഗത രചന, സംഘരചന<br><br>24. പ്രസംഗപരിശീലനകളരി<br><br>25. പ്രസംഗം അവതരിപ്പിക്കുവാനുള്ള വേദികൾ സജ്ജമാക്കുക | 6 മാസം<br><br>6 മാസം (ജൂലൈ - ഡിസംബർ ) | ഓഡിയോ<br><br>വീഡിയോ<br><br>ലൈബ്രറി,<br><br>പുസ്തകങ്ങൾ<br><br>ഫോട്ടോകൾ | അദ്ധ്യാപകർ |

**ഭാഷാവികാസം**

1. **വിഷയം - ഇംഗ്ലീഷ് (ഹൈസ്കൂൾ & യു.പി.)**

**ലക്ഷ്യങ്ങൾ**

2. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക.

2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക

3. സ്വാതന്ത്ര്യവായനയ്ക്കും എഴുത്തിനും കുട്ടികളെ സജ്ജരാക്കുക

4. കവിതാലാപനത്തിനും കവിതരചനയ്ക്കും പ്രാപ്തരാക്കുന്നു

5. സാങ്കേതികവിദ്യസാധ്യതകൾ ഇംഗ്ലീഷ്ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക

| **പ്രവർത്തനങ്ങൾ** | **കാലം** | **ഭൗതിക സാഹചര്യം** | **ചുമതല** |
|---|---|---|---|
| Spoken English Class<br>English Library നവീകരണം<br>English Corner സ്റ്റോറി Time<br>English Assembly | ക്ലാസ്റൂം പ്രവർത്തനങ്ങളോടൊപ്പം | പുസ്തകങ്ങൾ<br>ചിത്രങ്ങൾ | അദ്ധ്യാപകർ |
| Profile and Script തയ്യാറാക്കുന്നതിനുവേണ്ടി English Cinema യുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ്റൂം പ്രവർത്തനങ്ങളോടൊപ്പം | പുസ്തകങ്ങൾ<br>ചിത്രങ്ങൾ | അദ്ധ്യാപകർ |
| Role play, English Day ആചരണം, Seminar, ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കൊറിയോഗ്രാഫി | അക്കാദമിക വർഷം | ലൈബ്രറി,<br>പുസ്തകങ്ങൾ | |

| | | | |
|---|---|---|---|
| തയ്യാറാക്കി ക്ലബ് അടിസ്ഥാനത്തിൽ അവതരിപ്പിക്കുന്നു.<br><br>School English Voice, അക്ഷര കാർഡ്, പദകാർഡ് വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ<br><br>ചിത്രവായന,ലഘുകഥ നിർമ്മാണം,Public Speaking, simply Games,English News reading,പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ,എന്റെ ഡയറി,അസംബ്ലി ന്യൂസ് വായിക്കൽ, News Reading competitions,<br><br>പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Skit അവതരണം<br><br>English Recitation ഇംഗ്ലീഷ് കവിതാരചന എന്നീ മത്സരങ്ങൾ നടത്തുന്നു.ആസ്വാദനകുറിപ്പ് തയ്യാറാക്കുന്നു. | ക്ലാസ്റൂം പ്രവർത്തനങ്ങളോടൊപ്പം<br><br>അക്കാദമിക വർഷം<br><br>ക്ലാസ്റൂം പ്രവർത്തനങ്ങളോടൊപ്പം<br><br>അക്കാദമിക വർഷം<br><br>ക്ലാസ്റൂം പ്രവർത്തനങ്ങളോടൊപ്പം | ഫോട്ടോകൾ<br><br>ഓഡിയോ<br><br>വീഡിയോ<br><br>ലൈബ്രറി,<br><br>പുസ്തകങ്ങൾ<br><br>ഫോട്ടോകൾ | ട്രെയിനർ അദ്ധ്യാപകർ<br><br>അദ്ധ്യാപകർ<br><br>അദ്ധ്യാപകർ |

| | | | |
|---|---|---|---|
| ബുക്ക് Reviews രചനകളുടെ പ്രദർശനം | അക്കാദമിക വർഷം | | അദ്ധ്യാപകർ |

**ഭാഷാവികാസം**

**3, വിഷയം – ഹിന്ദി (ഹൈസ്കൂൾ & യു.പി.)**

**ലക്ഷ്യങ്ങൾ**

- ഹിന്ദിയിൽ ആശയവിനിമയത്തിനുള്ള ശേഷി വികസിപ്പിക്കുന്നു.
- ഹിന്ദിയിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരമൊരുക്കുന്നു,
- സ്വാതന്ത്ര്യവായനയ്ക്കു കുട്ടികളെ സജ്ജരാക്കുന്നു,
- ഹിന്ദിസാഹിത്യം ആസ്വദിക്കുന്നതിന് അവസരമൊരുക്കുന്നു.
- ഹിന്ദി ആസ്വദിക്കുന്നതിനുള്ള പുതുതന്ത്രങ്ങളും സാങ്കേതങ്ങളും വികസിപ്പിക്കുന്ന.
- സാങ്കതികവിദ്യാ സാദ്ധ്യതകൾ ഹിന്ദി ഭാഷാവികാസത്തിനു പ്രയോജനപ്പെടുത്തുകയും മുഴുവൻ കുട്ടികളെയും ഹിന്ദി കമ്പ്യൂട്ടിങ് പരിശീലിപ്പിക്കുകയും ചെയ്യുന്നു.
- ഭാഷാവിഷയങ്ങൾക്കു പൊതുവായ പ്രവർത്തനങ്ങൾ നടത്തുന്നു.
- ആത്മവിശ്വാസത്തോടെ ആശയവിനിമയത്തിനും ഓരോ സന്ദർഭത്തിലും വേണ്ട തലത്തിൽ പ്രയോഗിക്കാനും കുട്ടികളെ പ്രാപ്തരാക്കുക

| **പ്രവർത്തനങ്ങൾ** | **കാലം** | **ഭൗതിക സാഹചര്യം** | **ചുമതല** |
|---|---|---|---|

| | | | |
|---|---|---|---|
| കഥാവായന,കവിതാവായന എന്നിവയ്ക്ക് അവസരം നൽകുന്നു.<br><br>പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധസാഹിത്യകാരന്മാരുടെ കഥകൾ,നോവലുകൾ,സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു.<br><br>ഹിന്ദി ഭാഷാവികാസത്തിനായി സാങ്കേതികവിദ്യാസാധ്യതകൾ (ഓൺലൈൻ പഠന ആപ്ലിക്കേഷനുകൾ ഓഡിയോ വീഡിയോ ഉറവിടങ്ങൾ ) പ്രയോജനപ്പെടുത്തുക. | ക്ലാസ്റൂം പ്രവർത്തനങ്ങളോടൊപ്പം<br><br>ക്ലാസ്റൂം പ്രവർത്തനങ്ങളോടൊപ്പം<br><br>അക്കാദമിക വർഷം<br><br>ക്ലാസ്റൂം പ്രവർത്തനങ്ങളോടൊപ്പം<br><br>അക്കാദമിക വർഷം | പുസ്തകങ്ങൾ<br>ചിത്രങ്ങൾ<br><br>പുസ്തകങ്ങൾ<br>ചിത്രങ്ങൾ<br><br>ലൈബ്രറി,<br>പുസ്തകങ്ങൾ<br>ഫോട്ടോകൾ<br>ഓഡിയോ<br>വീഡിയോ<br>ലൈബ്രറി,<br>പുസ്തകങ്ങൾ<br><br>ഫോട്ടോ | അദ്ധ്യാപകർ<br><br>അദ്ധ്യാപകർ<br><br>ട്രെയിനർ<br>അദ്ധ്യാപകർ |

| | | | |
|---|---|---|---|
| അസംബ്ലി ആകാശവാണി വ്യത്യസ്തങ്ങളായ രചനാക്യാമ്പുകൾ കുട്ടികളുടെ മാസികകൾ പത്രങ്ങൾ പതിപ്പുകൾ തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കുക | ക്ലാസ്റൂം പ്രവർത്തനങ്ങളോടൊപ്പം | കൾ | അദ്ധ്യാപകർ |

### 3, വിഷയം – ശാസ്ത്രം (ഹൈസ്കൂൾ & യു.പി.)

**ലക്ഷ്യങ്ങൾ**

- ശാസ്ത്രപഠനത്തിൽ താല്പര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയമനോഭാവം എന്നിവ വികസിപ്പിക്കുക.
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവങ്ങൾ ഒരുക്കുക.
- ശാസ്ത്രപ്രക്രിയാശേഷികൾ വികസിപ്പിക്കുക.ആധുനികശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
- ഇതിന് ഉതകുംവിധം ആധുനിക സൗകര്യങ്ങളോടെയുള്ള ATL ലാബ് പ്രയോജനപ്പെടുത്തുക.
- ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക.
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാദ്ധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.
- ഭൗതികശാസ്ത്രം,ജീവശാസ്ത്രം,രസതന്ത്രം എന്നിവയിൽ ഓരോ ഘട്ടത്തിലും നിർദേശിക്കപ്പെട്ട പഠനാശയങ്ങളും കരിക്കുലം വിഭാവനം ചെയ്ത ലക്ഷ്യങ്ങളും കുട്ടി നേടുന്നു എന്ന് ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളാണ് തയ്യാറാക്കേണ്ടത്.

| പ്രവർത്തനങ്ങൾ | കാലം | ഭൗതിക സാഹചര്യം | ചുമതല |
|---|---|---|---|
| സയൻസ് ക്ലബ് പ്രവർത്തനങ്ങൾ ശാസ്ത്രപ്രദർശനങ്ങൾ സയൻസ് കോർണർ, ശാസ്ത്ര ജേർണലുകൾപരിചയപ്പെടൽ,<br><br>ശാസ്ത്രലാബ് ലഘുപരീക്ഷണ മൂല , ശാസ്ത്രോപ കരണനിർമ്മാണം ,ശാസ്ത്ര മാഗസിൻ ,<br><br>ഊർജ്ജസംരക്ഷണപ്രവർത്തനങ്ങൾ . പ്രകൃതിപഠനയാത്രകൾ ശാസ്ത്രജ്ഞന്മാരുടെ ജന്മദിനം അവരുടെ സംഭാവനകൾ രേഖപ്പെടുത്തി ആചരിക്കൽ<br><br>കുടിവെള്ളസംരക്ഷണ പ്രവർത്തന ങ്ങൾ,കുടിവെള്ളപരിശോധന,<br><br>ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നത് കണ്ടെത്തൽ .<br><br>വിവിധതരം കമ്പോസ്റ്റിംഗ്<br><br>സാധ്യതകൾ ,പരീക്ഷിക്കൽ ,<br><br>ജൈവ വൈവിധ്യ<br><br>ഉദ്യാനത്തെ പ്രയോജനപ്പെടുത്തൽ.<br><br>പ്ലാസ്റ്റിക് ഉപയോഗം നിരുത്സാഹപ്പെടുത്തൽ<br><br>ആരോഗ്യവിദ്യാഭ്യാസത്തിനുള്ള വിവിധപ്രവർത്തനങ്ങൾ , | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | പുസ്തകങ്ങൾ<br>ചിത്രങ്ങൾ<br><br>പുസ്തകങ്ങൾ<br>ചിത്രങ്ങൾ<br><br>ലൈബ്രറി,<br>പുസ്തകങ്ങൾ<br><br>ഫോട്ടോകൾ<br>ഓഡിയോ | അദ്ധ്യാപകർ<br><br>സയൻസ് ക്ലബ്<br><br>അദ്ധ്യാപകർ<br><br>അദ്ധ്യാപകർ<br><br>അദ്ധ്യാപകർ |

| | | | |
|---|---|---|---|
| ശുചിത്വക്യാമ്പസിനായുള്ള വിദ്യാർത്ഥികളുടെ നിയമാവലി തയ്യാറാക്കൽ അതിനെ പ്രയോജനപ്പെടുത്തൽ.<br><br>ലഹരിവിരുദ്ധ വിദ്യാലയപ്രവർത്തനങ്ങൾ<br><br>,ലഹരിയുടെ വിനിയോഗം ശാരീരികമായും മാനസികമായും ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ.<br><br>കൂടാതെ വ്യക്തികളുടെയും സമൂഹത്തിന്റെയും വികാസത്തിനും മുന്നോട്ടു പോക്കിനും എങ്ങിനെ തടസ്സം നിൽക്കുന്നു എന്ന തിരിച്ചറിവ് ഉണ്ടാക്കൽ തുടങ്ങി എല്ലാ സാധ്യതകളും പ്രയോജനപ്പെ ടുത്താം.<br><br>ATL ലാബ് പ്രവർത്തനങ്ങൾ | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | വീഡിയോ<br><br>ലൈബ്രറി,<br>പുസ്തകങ്ങൾ | സയൻസ് ക്ലബ്<br><br>അദ്ധ്യാപകർ<br><br>അദ്ധ്യാപകർ<br>സയൻസ് ക്ലബ് |

## വിഷയം - സാമൂഹ്യ ശാസ്ത്രം (ഹൈസ്കൂൾ & യു.പി.)

## ലക്ഷ്യങ്ങൾ

- സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞു പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുന്നു.
- ജനാധിപത്യ ജീവിത സംസ്ക്കാരം വളർത്തിയെടുക്കുക.
- സമൂഹചലനത്തിന്റെ പൊതുസ്വഭാവം വിശകലനം ചെയ്യാനും അതിനായുള്ള രീതിശാസ്ത്രം സ്വായത്തമാക്കുവാനും സഹായിക്കുക.

- ആധുനീക ശാസ്ത്രസാങ്കേതിക വിദ്യാസാധ്യതകൾ സാമൂഹ്യശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.
- പ്രകൃതി സംരക്ഷിക്കപ്പെടേണ്ടതാണ് എന്ന് കുട്ടികളെ ബോധ്യപ്പെടുത്തുന്നു.
- പൈതൃകസമ്പത്തിനെക്കുറിച്ച് ബോധവാന്മാരാക്കുന്നു.
- ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കപ്പെടേണ്ടതാണ് എന്ന അവബോധം വളർത്തുന്നു.
- സാമൂഹിക ആശയങ്ങൾ ഉൾകൊണ്ട് നല്ല പൗരന്മാരായി വളരുവാൻ പ്രാപ്തമാക്കുന്നു.

| **പ്രവർത്തനങ്ങൾ** | **കാലം** | **ഭൗതിക സാഹചര്യം** | **ചുമതല** |
|---|---|---|---|
| സ്കൂൾ ജനാധ്യപത്യവേദി ശക്തിപ്പെടുത്തൽ,<br>ഇതിലേക്കുള്ള തിരഞ്ഞെടുപ്പ് പ്രക്രിയ നാട്ടിൽ നടക്കുന്ന തിരഞ്ഞെടുപ്പ് പ്രക്രിയ പരിചയപ്പെടാനുള്ള അവസരമൊരുക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നിശ്ചയിച്ച തീയതികളിൽ നടത്തുന്നു. | പത്രവാർത്തകൾ<br>ലൈബ്രറി<br>വീഡിയോസ് | സാമൂഹ്യശാസ്ത്ര ക്ലബ്<br>അദ്ധ്യാപകർ |
| ലഹരിവിരുദ്ധപ്രവർത്തനം<br>വ്യത്യസ്താദിനാചരണങ്ങൾ | അക്കാദമിക വർഷം | | സാമൂഹ്യശാസ്ത്ര ക്ലബ്<br>അദ്ധ്യാപകർ |

| | | | |
|---|---|---|---|
| സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ക്ലാസുകൾ | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | പത്രവാർത്തകൾ<br>ലൈബ്രറി<br>വീഡിയോസ് | സാമൂഹ്യശാസ്ത്ര ക്ലബ് |
| പ്രാദേശികചരിത്രരചന,<br>ചരിത്രവസ്തുതകൾ<br>രേഖപ്പെടുത്താൻ പരിശീലിക്കൽ | അക്കാദമിക വർഷം മുഴുവനും | ലൈബ്രറി | അദ്ധ്യാപകർ<br>സാമൂഹ്യശാസ്ത്ര ക്ലബ് |
| പഠനയാത്രകൾ,<br>ജനപ്രധിനിധികളുമായുള്ള സംഭാഷണം | അക്കാദമിക വർഷം | | അദ്ധ്യാപകർ<br>സാമൂഹ്യശാസ്ത്ര ക്ലബ് |
| പത്രവാർത്തകൾ അടിസ്ഥാനമാക്കിയുള്ള ചർച്ചകൾ | അക്കാദമിക വർഷം | പത്രവാർത്തകൾ<br>ലൈബ്രറി | അദ്ധ്യാപകർ |
| അസമത്വം - ലിംഗപദവി - സാമൂഹ്യകനീതി - | | | |

| | | | |
|---|---|---|---|
| അധിനിവേശം - ബാലവേല - പട്ടിണി - ചൂഷണം<br><br>തുടങ്ങിയ സാമൂഹ്യപ്രശ്നങ്ങളെക്കുറിച്ച് അറിയാനും നിലപാടുകൾ കൈക്കൊള്ളാനുമുള്ള കഴിവ് ആർജ്ജിക്കൽ<br><br>ഇതിനെല്ലാം ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ | അക്കാദമിക വർഷം മുഴുവനും | പത്രവാർത്തകൾ<br><br>ലൈബ്രറി | സാമൂഹ്യശാസ്ത്ര ക്ലബ്<br><br>അദ്ധ്യാപകർ |
| അറ്റ്ലസ് നിർമ്മാണം<br><br>പഠനോപാധികളുടെ നിർമ്മാണം | അക്കാദമിക വർഷം മുഴുവനും | അറ്റ്ലസ്<br><br>ലൈബ്രറി | അദ്ധ്യാപകർ<br><br>സാമൂഹ്യശാസ്ത്ര ക്ലബ് |

## വിഷയം – ഗണിതം (ഹൈസ്കൂൾ & യു.പി.)

## ലക്ഷ്യങ്ങൾ

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
- ഓരോ പ്രദേശത്തിന്റെയും തനത് ഗണിതരീതികളെ പരിചയപ്പെടുത്തുക.

- ഓരോ പ്രായഘട്ടത്തിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
- ആധുനീക ശാസ്ത്രസാങ്കേതിക സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക.

| **പ്രവർത്തനങ്ങൾ** | **കാലം** | **ഭൗതിക സാഹചര്യം** | **ചുമതല** |
|---|---|---|---|
| പ്രീ ടെസ്റ്റ് നടത്തി കുട്ടികളുടെ ഗണിതത്തിലുള്ള മുന്നറിവ് മനസിലാക്കുന്നു.<br>മാത്സ് ക്ലിനിക്<br>ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത | ജൂൺ മാസം - ആദ്യത്തെ ആഴ്ച | Text Book | ഗണിത അധ്യാപികയും സമർഥരായകുട്ടികളും |
| മാത്സ് ക്ലബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു<br>സംഘപഠനം<br>കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | അക്കാദമിക വർഷം മുഴുവനും | ലൈബ്രറി | മാത്സ് ക്ലബ് |
| ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ,വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു.അവയുടെ | | വീഡിയോസ് | ഗണിത അധ്യാപിക<br>മാത്സ് ക്ലബ് |

| | | | |
|---|---|---|---|
| ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ<br><br>ഐ സി ടി സാധ്യത ഉപയോഗപ്പെടുത്തി ജ്യാമിതീയ രൂപങ്ങൾ,ചതുഷ്ക്രിയകൾ,ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ സി ടി സാധ്യതകൾ ഉപയോഗപ്പെടുത്തി കുട്ടികളിലേയ്ക്ക് എത്തിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒരുപ്രാവശ്യം<br><br>അക്കാദമിക വർഷം | വീഡിയോസ്<br>Text Book | ഗണിത അധ്യാപിക |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദേശങ്ങൾ നൽകുന്നു.പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | അക്കാദമിക വർഷം | വീഡിയോസ്<br>Text Book | മാത്സ് ക്ലബ്<br><br>ഗണിത അധ്യാപിക |
| ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടു | | |

| | | | |
|---|---|---|---|
| | ത്ത ദിനങ്ങളിൽ | | |

**വിഷയം – ഐ.സി.ടി (ഹൈസ്കൂൾ & യു.പി.)**

**ലക്ഷ്യങ്ങൾ**

- പഠനബോധനപ്രക്രിയയിലും അറിവ് നിർമ്മാണപ്രക്രിയയിലും കമ്പ്യൂട്ടർ ഉൾച്ചേർത്തുള്ള വിവരസാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക.
- മാനവരാശി വികസിപ്പിക്കുന്ന അറിവിനെ അതാതവസരങ്ങളിൽ അറിയാനുള്ള സാധ്യത വികസിപ്പിക്കുക
- നിർമ്മിതബുദ്ധി,റോബോട്ടിക്സ് എന്നിവയുടെ സാധ്യതകൾ പഠനപ്രക്രിയയിൽ പ്രയോജനപ്പെടുത്തുക.
- സാങ്കതിക വിദ്യയുടെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതോടൊപ്പം ചതിക്കുഴികളിൽ അകപ്പെടാതെ എന്തെന്ന് കരുതലുകൾ വേണം എന്ന തിരിച്ചറിവ് വികസിപ്പിക്കുക.
- കുട്ടികൾക്ക് നിർഭയമായും സ്വതന്ത്രമായും കമ്പ്യൂട്ടർ അടക്കമുള്ള വിവരസാങ്കേതികവിദ്യ സാധ്യതകൾ ഉപയോഗിക്കാനുള്ള അവസരങ്ങൾ ഒരുക്കുക.
- ഓരോ കുട്ടിക്കും ആധുനീക വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ അസസ്റ്റീവ് ടെക്നോളജി ഉറപ്പാക്കുകയും അതിൽ കുട്ടികൾക്കും രക്ഷാകർത്താക്കൾക്കും പരിശീലനം നൽകുകയും ചെയ്യുന്നു.

## വിഷയം -തൊഴിൽ ഉദ്ഗ്രഥിതവിദ്യാഭ്യാസം - ഹൈസ്കൂൾ ,യു.പി.

## ലക്ഷ്യങ്ങൾ

- വിവിധതൊഴിൽ മേഖലകളെക്കുറിച്ച് അവബോധം നേടുന്നതിനും അതിലൂടെ തങ്ങളുടെ ഇഷ്ടമേഖല/മേഖലകൾ ഏതൊക്കെയെന്ന് തിരിച്ചറിയുന്നതിനും പഠിതാക്കളെ പ്രാപ്തരാക്കുക.
- തൊഴിൽ മനോഭാവം തൊഴിൽ ആഭിമുഖ്യം തൊഴിൽ ചെയ്യുന്നവരോടുള്ള ആദരവ് തൊഴിൽ നൈപുണി നിർമ്മാണാത്മക കഴിവ്,എന്നിവ വികസിക്കുന്നതിന് ആവശ്യമായ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസത്തിലെ വ്യത്യസ്ത മേഖലകളായ കൃഷി,ഭക്ഷ്യവ്യവസായം,പാഴ്വസ്തുപരിപാലനം, മാധ്യമങ്ങളും വിനോദവും, ടൂറിസം,സാമ്പത്തീക സാക്ഷരതാ,ഫാഷൻ ഇൻപാഷൻ, പാർപ്പിടം,പ്ലംബിംഗ്, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ്,പ്രിന്റിങ്,സ്റ്റേഷനറി,കരകൗശലം, വസ്ത്രനിർമ്മാണം,എംബ്രോയിഡറി,ക്ലേ മോഡലിംഗ്,പെയിന്റിങ് എന്നിവയെ മറ്റു വിഷയങ്ങളുമായി ഉദ്ഗ്രഥിച്ചുകൊണ്ട് പഠനപ്രവർത്തനങ്ങൾ അനുഭവവേദ്യമാക്കുന്നു.
- ഒമ്പതാം തരത്തിലെയും പത്താംതരത്തിലെയും 'സ്വയം ഒരുങ്ങാം' എന്ന മൃദുനൈപുണികവികസ പ്രവർത്തന പുസ്തകങ്ങളുടെ ഉപയോഗത്തിലൂടെ പഠിതാക്കളെ സ്വയം അവബോധമുള്ളവരാക്കിത്തീർക്കുക.
- പഠിതാക്കളുടെ നൈപുണികവികാസം വിലയിരുത്തുകയും തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുക.
- വിവിധ മൃദുനൈപുണികളുടെയും തൊഴിൽ നൈപുണികളുടെയും വികാസത്തിലൂടെ പഠിതാക്കളിൽ വൈകാരിക സുസ്ഥിതി ഉറപ്പാക്കുക.
- ഐ.സി ടി. പ്രയോജനപ്പെടുത്തി തൊഴിൽ രംഗത്തുള്ള നവസാധ്യതകൾ വിവിധ വിഷയങ്ങളുമായി ഉദ്ഗ്രദിച്ചു വിനിമയം ചെയ്യാനുള്ള നൈപുണി അധ്യാപകരിൽ വികസിപ്പിക്കുക.

## വിഷയം - കലാവിദ്യാഭ്യാസം (ഹൈസ്കൂൾ & യു.പി.)

## ലക്ഷ്യങ്ങൾ

- കുട്ടികളുടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കുക.
- കലാഭിരുചി വളർത്തുക.
- ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരമൊരുക്കുക.
- ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാ സാധ്യതകൾ കലാപരിശീനത്തിനായി പ്രയോജനപ്പെടുത്തുക.

## ശാസ്ത്രം, ലാബ്

**ലക്ഷ്യം**

ശാസ്ത്രം : ശാസ്ത്രപ്രതിഭകളെ കണ്ടെത്തി സബ്ജില്ലാ,ജില്ലാ, സംസ്ഥാനത്തലത്തിലേയ്ക്ക് വളർത്തിയെടുക്കുന്നു.

**പ്രവർത്തനങ്ങൾ :**

മത്സരപരീക്ഷകൾ - ശാസ്ത്രക്വിസ്സ്, ടാലന്റ് ഹണ്ട്, സബ്ജില്ല,ജില്ലാ,സംസ്ഥാന മേളകൾ എന്നിവയിൽ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു.

- സയൻസ് ലാബ് ആധുനീകവൽക്കരിക്കുന്നു.സോഷ്യൽ ലാബ് നവീകരിക്കൽ
- ATL ലാബ് പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നു.

## ലിറ്റിൽ കൈറ്റ്സ് പദ്ധതി (Little KITES IT Club)

**ലക്ഷ്യം**:

- വിദ്യാർത്ഥികളുടെ ഐ.ടി. കഴിവുകൾ വികസിപ്പിക്കുക
- ഡിജിറ്റൽ വിദ്യാഭ്യാസ സാക്ഷരത ഉറപ്പാക്കുക,

- ടെക്നോളജിയെ രചനാത്മകമായും ഉൽപ്പാദനാത്മകമായും ഉപയോഗിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.

**പ്രവർത്തനങ്ങൾ:**

- ക്ലബ്ബ് രജിസ്ട്രേഷൻ, അംഗനാമനിർദ്ദേശം
- ICT അധിഷ്ഠിത പരിശീലനങ്ങൾ: Animation, Cyber Safety, Video Editing, Programming (Scratch, Python), etc.
- വിദ്യാർത്ഥികളുടെ ICT പ്രവർത്തനങ്ങളുടെ പ്രദർശനം
- ലിറ്റിൽ കൈറ്റ്സ് ഫെസ്റ്റ്, ക്യാമ്പുകൾ
- സ്കൂളിന്റെ ഡിജിറ്റൽ ഇടപെടലുകളിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം

**പുതിയ അധ്യായത്തിൽ ഉദ്ദേശിക്കുന്നത്**

- AI, IOT,റോബോട്ടിക്സ് എന്നിവയെ പരിചയപ്പെടുത്തുന്ന അടിസ്ഥാന ക്ലാസുകൾ
- മാതൃഭാഷയിലുള്ള ICT പാഠങ്ങൾ വികസിപ്പിക്കൽ
- ലൈറ്റിൻഗ് പ്രൊജക്ടുകൾ, ലളിത സോഫ്റ്റ്വെയർ ഡെവലപ്പ്മെന്റ് പരിശീലനം

**ഉദ്ദേശ്യലബ്ധി**:

- കുറഞ്ഞത് 80% അംഗങ്ങൾ ട്രെയിനിംഗുകൾ പൂർത്തിയാക്കണം
- സ്കൂൾ ഐ.ടി. ഉപകരണങ്ങളുടെ സംരക്ഷണത്തിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുക

## ലൈബ്രറി

**ലക്ഷ്യം :** സ്കൂൾ ലൈബ്രറിയുടെ കൃത്യമായ ഉപയോഗം.

**പ്രവർത്തനങ്ങൾ :**

- ടൈം ടേബിൾ പ്രകാരം ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കും ലൈബ്രറി ഉപയോഗം നടപ്പിലാക്കുന്നു. ആവശ്യമുള്ള കുട്ടികൾക്കു സ്കൂൾ ലൈബ്രറി മെമ്പർഷിപ്പിലൂടെ റെഫറൻസ് പുസ്തകങ്ങൾ വീട്ടിൽ കൊണ്ടുപോകുന്നതിനുള്ള അവസരം നൽകുന്നു.
- ക്ലാസ് ലൈബ്രറി ക്ലാസ്സിലിരുന്ന് തന്നെ വായിക്കാനുള്ള പ്രേരണ നൽകുന്നു.

**സ്കൂൾ ഉച്ചഭക്ഷണ പദ്ധതി (Mid-Day Meal Programme)**

**ലക്ഷ്യം** :

വിദ്യാർത്ഥികളുടെ ആരോഗ്യവും ശാരീരിക വളർച്ചയും ഉറപ്പാക്കുക.

**പ്രവർത്തനങ്ങൾ:**

- ദിവസേന പോഷകാഹാരത്തോടെ ഉള്ള ഭക്ഷണം വിതരണം
- ആഴ്ചയിൽ ഒരിക്കൽ പ്രോട്ടീൻ ആഹാര ദിനം (പാല്, മുട്ട)
- പച്ചക്കറികളുടെ ഉപയോഗം വർദ്ധിപ്പിക്കൽ
- ഭക്ഷ്യസുരക്ഷയും ശുചിത്വപരിപാലനവും ഉറപ്പാക്കുക
- കുട്ടികളുടെ പങ്കാളിത്തത്തോടെ സ്കൂൾ കിച്ചൻ ഗാർഡൻ
- ഭക്ഷണ ഗുണനിലവാര നിരീക്ഷണത്തിനായി ഭക്ഷ്യസുരക്ഷാ കമ്മിറ്റിയുടെ ആക്ടീവ് ഇടപെടൽ
- കുട്ടികളിൽ പോഷകാഹാരത്തെക്കുറിച്ചുള്ള ബോധവത്കരണ പരിപാടികൾ
- വിദ്യാർത്ഥികളുടെയും മാതാപിതാക്കളുടെയും സംയുക്ത ഫീഡ്ബാക്ക് ശേഖരണം
- ഔട്ട്ഡോർ കിച്ചൻ ഗാർഡൻ പദ്ധതിയുടെ വിപുലീകരണം

**ഉദ്ദേശ്യലബ്ധി**:

- മുഴുവൻ വിദ്യാർത്ഥികൾക്കും ഭക്ഷണം ലഭ്യമാക്കുക
- പോഷകകുറവ്, ക്ഷീണം എന്നിവ കുറയ്ക്കുന്ന തലത്തിലേക്ക് കൈമാറുക

## പഠനയാത്രകൾ

### ലക്ഷ്യങ്ങൾ

- class മുറികളിൽ നിന്നും ലഭിച്ച മിതമായ അറിവുകളുടെ അടിസ്ഥാനത്തിൽ പഠിതാക്കളിൽ യഥാർത്ഥ വസ്തുതകളെ പരീക്ഷണ നിരീക്ഷണ ഗവേഷണതലത്തിലേയ്ക്ക് ഉയർത്തുന്നു.

- പ്രാദേശിക പരിസ്ഥിതികളും വിഭവങ്ങളും ചരിത്രവും കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനും അനുഭവം ബോധ്യമാക്കുന്നതിനും പഠനഭാരം ലഘൂകരിച്ച് ഉല്ലാസമാക്കുന്നതിനും

**പ്രവർത്തനങ്ങൾ :**

- പ്രകൃതിയെ തൊട്ടറിഞ്ഞു അനുഭവങ്ങൾ സ്വായത്തമാക്കുന്നു.
- വ്യത്യസ്ത സാഹചര്യങ്ങൾ,കാലാവസ്ഥ സംസ്ക്കാരം എന്നിവയോട് പൊരുത്തപ്പെട്ട് ഇടപെടുന്നതിന്
- ഏകദിന പഠനയാത്രകൾ,തണ്ണീർത്തടങ്ങൾ കാവുകൾ, പ്രാദേശിക ചരിത്ര പ്രദേശങ്ങൾ എന്നിവടങ്ങളിലേക്കുള്ള ഫീൽഡ് ട്രിപ്പ്
- മറ്റ് സംസ്ഥാനങ്ങളിലെ ജനജീവിതം കണ്ടുമനസിലാക്കുന്നതിന്

## സ്കൂൾ ഗൈഡ്സ്, സ്കൗട്ട്, ജെ.ആർ.സി

**ലക്ഷ്യം**

"എന്തിനും തയ്യാർ" എന്ന ആപ്തവാക്യം ജീവിതശൈലിയാക്കുന്നതിനു കുട്ടികളെ പരിശീലിപ്പിക്കുന്നു.

**പ്രവർത്തനങ്ങൾ :**

- സ്കൂൾ ഗൈഡ്സ്, സ്കൗട്ട്, ജെ.ആർ.സി ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.
- സ്കൂൾ അച്ചടക്ക സംവിധാനം ഇവയുടെ സഹായത്തോടെ ചെയ്യുന്നു.
- കുട്ടികളിൽ സേവനമനോഭാവവും ഉത്തരവാദിത്വബോധവും പകർന്നു നൽകുന്നതിന് റോഡ് സുരക്ഷാമേഖലയിൽ ഉത്തരവാദിത്വബോധമുണ്ടാക്കുന്നു.

## IEDC

**ലക്ഷ്യങ്ങൾ**

- പ്രത്യേക പരിഗണന അർഹിക്കുന്ന CWSN കുട്ടികളെ മറ്റു കുട്ടികളോടൊപ്പം തന്നെ പഠിക്കുവാനുള്ള അവസരം നൽകുന്നു.
- പ്രത്യേക പരിഗണന അർഹിക്കുന്ന ജനവിഭാഗത്തോട് സഹാനുഭൂതി വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു.

• പഠനകാര്യങ്ങളിൽ BRC - റിസോഴ്സ് ടീച്ചേഴ്സിന്റെ സേവനം പ്രയോജനപ്പെടുത്തുന്നു.

**പ്രവർത്തനങ്ങൾ :**

• കുട്ടികളുടെ ശാരീരിക മാനസീക പരിമിതികൾ പരിഗണിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നു.

• ക്ലാസ്സിലെ CWSN / IED കുട്ടികളെ പരിചരിക്കുന്നതിന് മറ്റ് കുട്ടികൾക്ക് ഉത്തരവാദിത്വം കൊടുക്കുന്നു.

• IQ ടെസ്റ്റിലൂടെയും മറ്റ് സാങ്കേതിക സാധ്യതകളിലൂടെയും പഠന നിലവാരം മെച്ചപ്പെടുത്തുന്നു.

## കലാകായികം

**ലക്ഷ്യങ്ങൾ**

• കുട്ടികളുടെ ഉള്ളിൽ അന്തർലീനമായി കിടക്കുന്ന സവിശേഷ ശേഷികളെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

• സ്വയം തൊഴിൽമേഖലയിലേയ്ക്ക് കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു.

• ശാരീരിക മാനസീക ആരോഗ്യം പരിപോഷിപ്പിക്കൽ

**പ്രവർത്തനങ്ങൾ :**

• ചിത്രകല,പാട്ട്,ഡാൻസ് എന്നിവയുടെ ക്ലാസുകൾ താല്പര്യമുള്ള കുട്ടികൾക്ക് നൽകുന്നു.

• കുട്ടികളുടെ സർഗ്ഗസൃഷ്ടികളുടെ പ്രദർശനം

• വിദ്യാലയത്തിലെ കുട്ടികൾക്ക് ഫുട്ബോൾ, ടേബിൾ ടെന്നീസ് മറ്റ് കായിക ഇനങ്ങളിൽ പരിശീലനം നൽകുന്നു.

• സ്പോർട്സ് ഡേ സംഘടിപ്പിക്കുന്നു.

# സ്കൂൾ അസംബ്ലി, സർഗ്ഗവേളകൾ

**ലക്ഷ്യങ്ങൾ**

• സദസ്സിനെ അഭിമുഖീകരിക്കുവാൻ ആത്മവിശ്വാസം വളർത്തൽ,ആത്മധൈര്യം നേടൽ.

• സർഗ്ഗവേളകൾ സജീവമാക്കുന്നതിനു സർഗ്ഗാത്മക കഴിവുകളെ വികസിപ്പിച്ച് ഭയം കൂടാതെ അവതരിപ്പിക്കുന്നു.

**പ്രവർത്തനങ്ങൾ :**

• ഒരു പഠിതാവ് നേടിയെടുക്കേണ്ട മൂല്യങ്ങളായ ബഹുമാനം,സത്യസന്ധത, സഹാനുഭൂതി എന്നിവയൊക്കെ മുൻനിർത്തി ക്ലാസ് അടിസ്ഥാനത്തിൽ കുട്ടികൾ തന്നെ ഒരുക്കുന്ന അസംബ്ലി ഒരുക്കുന്നു.

• ഇതിലൂടെ വേദിയെ അഭിമുഖീകരിക്കുവാനുള്ള ആത്മവിശ്വാസം നേടുന്നു

• അവതരണത്തിനുള്ള ആത്മധൈര്യം നേടുന്നതിലൂടെ അവസരത്തിനൊത്ത് കുട്ടികൾ വേദിയിൽ അവരുടെ കഴിവ് പ്രകടിപ്പിക്കാൻ അവസരം ഒരുക്കുന്നു.

• കുട്ടികൾ തന്നെ തയ്യാറാക്കുന്ന സർഗ്ഗവേളകൾ വിവിധ കലാപ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ അവതരിപ്പിക്കുന്നതിലൂടെ കുട്ടികളിലെ സർഗാത്മകത വികസിക്കുവാൻ പ്രാപ്തരാക്കുന്നു.

• സഭാകമ്പം ഇല്ലാതെ സദസ്സിനെ അഭിമുഖീകരിക്കുന്നതിലൂടെ സംസ്ഥാനതലം വരെയുള്ള കലോത്സവങ്ങളിൽ പങ്കെടുക്കുന്നതിന് സാധിക്കുന്നു.

• സർഗാത്മക കഴിവുകൾ വികസിക്കുന്നതിലൂടെ കുട്ടികൾ സമൂഹത്തിൽ അറിയപ്പെടുന്ന നിലകളിൽ എത്തുന്നതിനു സഹായകരമാകുന്നു.

• ഇത്തരം പ്രവർത്തനങ്ങളിലൂടെ ഓർഗനൈസിംഗ് പവർ നേടുന്നു.കുട്ടികൾക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നു,

## സാമൂഹ്യസംവിധാനങ്ങൾ

**ലക്ഷ്യങ്ങൾ**

• തദ്ദേശീയ ഭരണസംവിധാനത്തിലുള്ള ഉന്നതവ്യക്തിത്വങ്ങൾ. ഫണ്ടുകളെ എന്നിവയെ ഉപയോഗപ്പെടുത്തികൊണ്ട് സ്കൂളിന്റെ ഭൗതീക അക്കാദമിക തലം പരിപോഷിപ്പിക്കൽ

• പൂർവ്വ വിദ്യാർത്ഥികളെ സ്കൂളിന്റെ ഭാഗമാക്കി നിലനിർത്തുന്നു.

• സ്ഥലത്തെ ക്ലബ്ബുകളുടെ സഹായം,സ്കൂളിന്റെ അക്കാദമിക ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഉപയോഗിക്കുന്നു

**പ്രവർത്തനങ്ങൾ :**

• കുട്ടികൾക്കാവശ്യമായ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നതിന് പഞ്ചായത്തുതല ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെ സേവനം ഉപയോഗപെടുത്തുന്നു.

• അർഹിക്കുന്ന കുട്ടികൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നു.

• സ്കൂളിൽനിന്നും പഠിച്ച് സമൂഹത്തിന്റെ ഉന്നതിയിൽ നിൽക്കുന്ന പൂർവ്വവിദ്യാർത്ഥികളെ ഉപയോഗിച്ചുകൊണ്ട് മോട്ടിവേഷൻ ക്ലാസുകൾ, സ്കൂളിന്റെ ഭൗതീക സാഹചര്യങ്ങൾ വികസിപ്പിക്കൽ

• റോട്ടറി ക്ലബ്ബുകൾ മറ്റുള്ളവയുടെ സഹായങ്ങൾ ലഭ്യമാക്കികൊണ്ട് മാനേജ്മെന്റിന്റെ സഹായത്തോടെയും സ്കൂളിൽ മറ്റ് വികസന പ്രവർത്തനങ്ങൾ നടത്തുന്നു.

## ദിനാചരണങ്ങൾ

**1. മാനവിക മൂല്യങ്ങളുടെ പ്രചരണം**:

• നിത്യജീവിതത്തിൽ പിന്തുടരേണ്ട നല്ല മൂല്യങ്ങൾ വിദ്യാർത്ഥികൾക്ക് ആഴത്തിൽ സമ്മാനിക്കാൻ ദിനാചരണങ്ങൾ സഹായിക്കുന്നു.

ഉദാഹരണത്തിന്, ഗാന്ധിജയന്തി ദിനം അഹിംസയും സത്യസന്ധതയും പഠിപ്പിക്കുന്നു.

**2. ദേശാഭിമാനവും പൗരബോധവും വളർത്തുക**:

• റിപ്പബ്ലിക് ദിനം, സ്വാതന്ത്ര്യ ദിനം പോലെയുള്ള ദിനങ്ങൾ ദേശീയപരമായ അഭിമാനവും പൗരബോധവുമാണ് വളർത്തുന്നത്.

**3. വിദ്യാർത്ഥികളിൽ സാമൂഹിക ഉത്തരവാദിത്തബോധം വളർത്തുക**:

• പരിസ്ഥിതി ദിനം, സ്ത്രീ ദിനം, അക്ഷരദിനം എന്നിവ സാമൂഹിക വിഷയങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ അവബോധവാന്മാരായി മാറ്റുന്നു.

**4. വിവിധ സംസ്കാരങ്ങളോടും സമ്പ്രദായങ്ങളോടും അവബോധം വളർത്തുക:**

• ഓണദിനം, ക്രിസ്തുമസ്, ഈദ് തുടങ്ങിയ ആഘോഷങ്ങൾ സമൂഹത്തിലെ വൈവിധ്യങ്ങളെ മനസ്സിലാക്കാനും പരസ്പര ബഹുമാനം വളർത്താനും സഹായിക്കുന്നു.

**5. കലാ-സാഹിത്യപരമായ കഴിവുകൾ വളർത്തുക:**

• ദിനാചരണങ്ങൾ സ്കിറ്റുകൾ, ഗാനങ്ങൾ, നൃത്തങ്ങൾ, പ്രസംഗങ്ങൾ എന്നിവയിലൂടെ വിദ്യാർത്ഥികളുടെ പ്രതിഭ പുറത്തുകൊണ്ടുവരാൻ അവസരമൊരുക്കുന്നു.

**6. വിദ്യാഭ്യാസം കൂടുതൽ ആകർഷകവും ഉൾകാഴ്ചയുള്ളതുമാക്കുക**:

• ക്ലാസ് മുറിക്ക് പുറത്ത് പഠനപരമായ അനുഭവങ്ങൾ നൽകുന്നത് പഠനത്തോട് വിദ്യാർത്ഥികൾക്കുള്ള ആകർഷണം വർദ്ധിപ്പിക്കുന്നു.

**7. സംഘാടന കഴിവുകൾ വളർത്തുക**:

• ദിനാചരണങ്ങൾ വഴി വിദ്യാർത്ഥികൾ സംഘാടകന്മാരായി പ്രവർത്തിക്കേണ്ടിവരുന്നു, ഇത് അവരുടെ നേതൃശേഷിയും സംഘാടനകഴിവുകളും വളർത്തുന്നു.

**8. ശ്രദ്ധയും ഓർമ്മശക്തിയും വളർത്തുക**:

· ഓരോ ദിനത്തിന്റെ ചരിത്രം, പ്രസക്തി എന്നിവ ഓർത്തിരിക്കാൻ ആവശ്യപ്പെടുന്നത് വിദ്യാർത്ഥികളിൽ പഠനശക്തി മെച്ചപ്പെടുത്തുന്നു

**. സ്കൂൾ PTA (Parent Teacher Association)**

**ലക്ഷ്യം:**

- വിദ്യാലയത്തിന്റെ സമഗ്രവികസനത്തിനായി അധ്യാപകരും രക്ഷിതാക്കളും ചേർന്നുള്ള സജീവ സഹകരണ കൂട്ടായ്മ.
- വിദ്യാർത്ഥികളുടെ പഠന, ശാരീരിക, മാനസിക, സാമൂഹിക വളർച്ചയ്ക്ക് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുക.

**പ്രവർത്തനങ്ങൾ**

1. **PTA എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ രൂപീകരണം**:
   - ത്രൈമാസ യോഗങ്ങൾ നടത്തുക
   - വാർഷിക പൊതുസഭ നടത്തുക
2. **വിദ്യാഭ്യാസ നിലവാരമേയ്ക്കൽ**:
   - ക്ലാസ് റൂം സജ്ജീകരണം, സ്മാർട്ട് ക്ലാസ്, ലൈബ്രറി, ലബോറട്ടറി മുതലായവയുടെ വികസനത്തിന് സഹായം
   - പഠന അവലോകനം, കുട്ടികളുടെ വിജ്ഞാനവികസന പരിപാടികളിൽ പങ്കാളിത്തം
3. **ശിശുസുരക്ഷയും ശുചിത്വ പരിപാലനവും**:
   - ടോയ്ലറ്റ്, ശുദ്ധജലം, സ്കൂൾ പരിസരം എന്നിവയുടെ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് PTA നിരീക്ഷണം
   - കാഞ്ചി വെസ്റ്റ്, ഫസ്റ്റ് എയ്ഡ്, ഹെൽത്ത് ചെക്കപ്പ് ക്യാമ്പ് എന്നിവയ്ക്ക് പിന്തുണ

4. **PTA സഹായ പദ്ധതികൾ**:
    - പാവപ്പെട്ട കുട്ടികൾക്ക് പഠനോപകരണങ്ങൾ
    - ഉച്ചഭക്ഷണത്തിനുള്ള സംഭാവന
    - ട്രാൻസ്പോർട്ട്, യൂണിഫോം, പഠന ഫീസ് സഹായങ്ങൾ
5. **PTA സാംസ്ക്കാരിക, സാമൂഹിക ഇടപെടലുകൾ**:
    - ഓണാഘോഷം, വാർഷിക കലോത്സവം, കുട്ടികൾക്കായുള്ള പ്രതിഭാപരിപാടികൾ
    - മാതാപിതാക്കൾക്കായുള്ള കൗൺസലിംഗ് സെഷനുകൾ, ജാഗ്രതാ ക്ലാസുകൾ

**ഉദ്ദേശ്യലബ്ധി (Expected Outcome):**

- സ്കൂൾ-രക്ഷിതാക്കളിൽ മികച്ച സഹകരണം
- വിദ്യാർത്ഥികളുടെ കണക്കൂഡ് വളർച്ച
- സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങളിൽ മെച്ചപ്പെടുത്തൽ
- കുട്ടികളിൽ ആത്മവിശ്വാസം,

## സ്കൂൾ ക്ലബ്ബ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട്

ഒരു വിദ്യാർത്ഥിയുടെ ബഹുമുഖ വികസനത്തിന് പാഠപുസ്തകത്തിലെ പരിമിതമായ പഠനത്തിന് പുറമെ, സർഗ്ഗാത്മകതയും നേതൃത്വശേഷിയും വളർത്തുന്ന പാഠ്യേതര പ്രവർത്തനങ്ങൾ ഏറെ പ്രധാനമാണ്. സ്കൂളുകളിൽ പ്രവർത്തിക്കുന്ന വിവിധ ക്ലബ്ബുകൾ ഈ ലക്ഷ്യത്തിനായി സംഭാവന ചെയ്യുന്ന പ്രധാന ഘടകങ്ങളാണ്. 2025–26 അധ്യയന വർഷത്തിൽ നമ്മുടെ സ്കൂളിൽ വിവിധ ക്ലബ്ബുകൾ നിറസാന്നിധ്യത്തോടെ പ്രവർത്തനം നടത്തി.

**1. വിദ്യാരംഗം കലാസാഹിത്യവേദി:**

വിദ്യാരംഗം കലാസാഹിത്യവേദി വിദ്യാർത്ഥികളുടെ സാഹിത്യവാസനയും കലാപ്രതിഭയും വളർത്താൻ സജീവ വേദിയായി മാറിയിട്ടുണ്ട്. വിവിധ

കവിതാരചനാ മത്സരങ്ങൾ, കഥാരചന, രചനാപരമായ പ്രവർത്തനങ്ങൾ, നാടകപരിപാടികൾ, വായനാമത്സരം എന്നിവ സംഘടിപ്പിക്കപ്പെടുന്നു. ജില്ലാതലവും സംസ്ഥാനതലവുമായ മത്സരങ്ങളിൽ പങ്കെടുക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നു. പ്രതിവാര സാഹിത്യചർച്ചകളും 'വായനാവാരം' സമാഹാരങ്ങളും വഴി വലിയ മാറ്റങ്ങൾ സൃഷ്ടിക്കപ്പെടുന്നു.

**2. നേച്ചർ ക്ലബ്:**

പാരിസ്ഥിതികബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന നേച്ചർ ക്ലബ് ഈ വർഷം ഒട്ടനവധി രസകരമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു . 'ഹരിതപാഠശാല' പദ്ധതിയുടെ ഭാഗമായി വൃക്ഷത്തൈ നടീൽ, പ്ലാസ്റ്റിക് വിമുക്ത ക്യാമ്പയിൻ, ബയോഡൈവേഴ്സിറ്റി നിരീക്ഷണങ്ങൾ തുടങ്ങിയവ നടപ്പാക്കാൻ തീരുമാനിച്ചിരിക്കുന്നു. പരിസ്ഥിതിദിനം, ജലദിനം, വനദിനം തുടങ്ങിയ ദിനങ്ങൾ അർത്ഥവത്തായി ആഘോഷിക്കുവാനും, സ്കൂൾ വളപ്പിൽ ചെടികളുടെയും ഔഷധസസ്യങ്ങളുടെയും ഒരു പച്ചമൈതാനം സൃഷ്ടിക്കാൻ ക്ലബ് ശ്രമിക്കുന്നു.

**3. സാഹിത്യ ക്ലബ്:**

മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ രചനാപരമായ കഴിവുകൾ ഉന്നയിക്കാൻ സാഹിത്യം ക്ലബ് അവസരങ്ങൾ ഒരുക്കി വരുന്നു. വിവിധ ഭാഷാ ദിനങ്ങൾ, വാരപത്രം പ്രസിദ്ധീകരണം, കവി സംവാദങ്ങൾ, ക്വിസ് മത്സരം, രചനാപര പരിശീലനം എന്നിവ നടത്തപ്പെടുവാനും ഭാഷാപ്രതിഭകൾക്ക് വളരാനുള്ള മികച്ച വേദിയുമായി ഈ ക്ലബ് മാറുന്നു.

**4. സയൻസ് ക്ലബ്:**

ശാസ്ത്രീയബോധവും സംശയാത്മക സമീപനവും വളർത്തുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സയൻസ് ക്ലബ് വിവിധ ശാസ്ത്രീയ പ്രദർശനങ്ങൾ, വിദ്യാർത്ഥികൾക്ക് വേണ്ടി പഠനപരീക്ഷണങ്ങൾ, പ്രൊജക്റ്റ് പ്രസന്റേഷനുകൾ എന്നിവ നടതുന്നതു വഴി സംസ്ഥാന ശാസ്ത്രമേളയിലേക്കുള്ള തെരഞ്ഞെടുപ്പുകൾ ഉൾപ്പെടെ ക്ലബ്ബ് നേതൃത്വം വഹിക്കുന്നു.

**5. ഐ. ടി. ക്ലബ്:**

ഡിജിറ്റൽ സാങ്കേതികവിദ്യയുടെ പ്രാധാന്യം മനസ്സിലാക്കി ഐടി ക്ലബ് കമ്പ്യൂട്ടർ പരിശീലന പരിപാടികൾ, ലിറ്റിൽ കൈറ്റ്സ് പരിശീലനം, ഇ-സുരക്ഷാ ബോധവത്ക്കരണ പരിപാടികൾ എന്നിവ നടത്തുവാൻ തീരുമാനിച്ചു.. സ്കൂളിന്റെ വെബ്സൈറ്റ് അപ്ഡേറ്റ് ചെയ്യുന്നതിൽ ക്ലബ് മികച്ച പങ്ക് വഹിക്കുന്നു.

**6. ഹെൽത്ത് ക്ലബ്:**

ആരോഗ്യബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ ഹെൽത്ത് ക്ലബ് നടത്തിയ പരിപാടികൾ ആരോഗ്യപരിശോധന ക്യാമ്പ്, പോഷകാഹാര ബോധവത്ക്കരണം, മെഡിക്കൽ സെമിനാർ, ഫിറ്റ്നസ് ക്ലാസ് എന്നിവയെ ഉൾപ്പെടുത്തി. COVID മുൻകരുതലുകൾ സംബന്ധിച്ച ബോധവത്ക്കരണവും ക്ലബ്ബ് കൃത്യമായി നടപ്പാക്കുവാൻ തീരുമാനിച്ചു. ഇതിനായി തൈക്കാട്ടുശ്ശേരി പ്രൈമറി ഹെൽത്ത് സെന്ററിന്റെ സേവനവും എടുത്തുപറയുന്നു.

## മറ്റുവിവരങ്ങൾ

- SSLC കുട്ടികൾക്കായി ദിവസവും രാവിലെ9മുതൽ 9:40 വരെയും വൈകുന്നേരം 4:20 മുതൽ 5:00 മാണി വരെ പ്രത്യേക ടൈം ടേബിൾ പ്രകാരം ക്ലാസുകൾ എടുക്കുന്നു,
- കുട്ടികളുടെ സാമൂഹിക സാമ്പത്തീക പാഠ്യകാര്യങ്ങൾ മനസിലാക്കാൻ അദ്ധ്യാപകർ കുട്ടികളുടെ വീട് സന്ദർശിക്കുന്നു.
- ജനുവരി അവസാനം മുതൽ Evening ക്ലാസുകൾ കുട്ടികൾക്ക് ലഘുഭക്ഷണം നൽകികൊണ്ട് 6:30 വരെ എടുക്കുന്നു.

# ഉപസംഹാരം

വിദ്യാർത്ഥികളിൽ അറിവിന്റെ മുഴുവൻ അനുസ്യൂതങ്ങളിലേക്കും വളർച്ചയ്ക്ക് വഴിയൊരുക്കുന്ന ഇടപെടലുകളാണ് ആധുനിക വിദ്യാഭ്യാസരംഗം ആഗ്രഹിക്കുന്നത്. ഈ ലക്ഷ്യത്തിനായി തയ്യാറാക്കുന്ന അക്കാദമിക് മാസ്റ്റർ പ്ലാൻ ഒരു വിദ്യാലയത്തിന്റെ വിദ്യാഭ്യാസ ദിശാനിർണയത്തെ ശാസ്ത്രീയമായി

ആസൂത്രണം ചെയ്യുന്ന രേഖയാണ്. ഇത് വിദ്യാർത്ഥികളുടെ സാമൂഹ്യ-സാംസ്കാരിക വളർച്ചക്കും, അധ്യാപന നിലവാരത്തിന്റെ ഉയർച്ചക്കും, രക്ഷിതാക്കളുടെ പങ്കാളിത്തത്തിനും, സാങ്കേതികപാഠ്യപദ്ധതികളുടെ നടപ്പാക്കലിനും സഹായകമാകുന്നു.

ഇതിലൂടെ വിദ്യാലയ പ്രവർത്തനങ്ങൾക്കും പഠനപരിപാടികൾക്കും പരിച്ഛേദമില്ലാത്ത ഏകോപിതത്വം വരുത്തിവെക്കാൻ കഴിയുന്നു. കുട്ടികളുടെ മികവുറ്റ ഭാവിയെ രൂപപ്പെടുത്തുന്നതിനുള്ള ദിശാബോധം, ഉത്തരവാദിത്വം, ദൃഢത എന്നിവയും ഈ പദ്ധതി ഉറപ്പാക്കുന്നു. ഓരോ വിദ്യാർത്ഥിയുടെയും കഴിവുകൾ കണ്ടെത്താനും അതിനെ വളർത്താനും കഴിയുന്ന സമഗ്രമായ വിദ്യാലയവാതിലുകളാണ് അക്കാദമിക് മാസ്റ്റർ പ്ലാനിലൂടെ തുറക്കുന്നത്.

അതിനാൽ, ഓരോ അധ്യാപകനും രക്ഷിതാവും ഒരേ ലക്ഷ്യത്തിലേക്ക് കൈകോർത്താൽ, സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം എന്ന മഹത്തായ ദൗത്യത്തിന് നമുക്ക് സാക്ഷ്യം വഹിക്കാനാകും.